**പതിമൂന്നാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 3267 — 24.02.2016 - ൽ മറുപടിയ്ക്ക്

**ഇടുക്കി ദേവികുളം താലൂക്കിൽ ബോബൻ സ്കറിയയുടെ പരാതിയിന്മേൽ നടപടി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എസ്. രാജേന്ദ്രൻ** | **ശ്രീ. രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി)** |
| (എ) ഇടുക്കി ജില്ലയിൽ ദേവികുളം താലൂക്കിൽ ആനവിരട്ടി വില്ലേജിൽ, പ്ലാമൂട്ടിൽ വീട്ടിൽ താമസക്കാരനായ ബോബൻ സ്കറിയ 6.12.2015 തീയതി നൽകിയ പരാതിയിൽ എന്ത് നടപടിയാണ് സ്വീകരിച്ചിരുന്നതെന്ന് വ്യക്തമാക്കുമോ ; | (എ) 6.12.2015 തീയതിയിൽ ബഹു. ആഭ്യന്തര വകുപ്പ് മന്ത്രിക്ക് നൽകിയ പരാതി 14.12.2015 തീയതിയിൽ മൂന്നാർ പോലീസ് സ്റ്റേഷനിൽ ലഭിച്ചിട്ടുള്ളതും ആയതിന്മേൽ അന്വേഷണം നടത്തി വരുന്നതുമാണ്. പരാതിയിൽ പറയുന്ന സംഭവം ക്രൈം 993/15 കേസുമായി ബന്ധപ്പെട്ടിട്ടുള്ളതായതിനാൽ പ്രത്യേകം കേസ് രജിസ്റ്റർ ചെയ്തിട്ടില്ല. ശ്രീ. ബോബൻ സ്കറിയയെ പോലീസ് സ്റ്റേഷനിലേക്ക് വിളിപ്പിച്ചെങ്കിലും ടിയാൻ ഹാജരായിട്ടില്ല. |
| (ബി) ഇതുമായി ബന്ധപ്പെട്ട് പ്രതികളെ ചോദ്യം ചെയ്യുകയോ മറ്റോ ചെയ്തിട്ടുണ്ടോയെന്ന് അറിയിക്കുമോ ;<br>(സി) നടപടിയൊന്നും സ്വീകരിച്ചില്ലെങ്കിൽ ആവശ്യമായ നടപടി ഉടൻ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) & (സി) പ്രതികളായി പറയുന്നവരെ അന്വേഷിച്ചതിൽ സ്ഥലത്തില്ലാത്തതിനാൽ ചോദ്യം ചെയ്യുന്നതിന് സാധിച്ചിട്ടില്ല. ടിയാൾക്കാരെ കണ്ടെത്തി ചോദ്യം ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ